**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 213** **22-01-2021 - ൽ മറുപടിയ്ക്ക്**

**പക്ഷിപ്പനി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ . അബ്ദുൽ ഹമീദ് .പി .,<br>ഡോ.എം.കെ . മുനീർ | | Shri. K Raju<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് എവിടെയെല്ലാമാണ് പക്ഷിപ്പനി പടർന്നുപിടിച്ചതായി കണ്ടെത്തിയതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് ആലപ്പുഴ ജില്ലയിലെ തകഴി, തലവടി(നെടുമുടി), കരുവാറ്റ, പള്ളിപ്പാട് എന്നീ സ്ഥലങ്ങളിലും, കോട്ടയം ജില്ലയിലെ നീണ്ടൂരിലുമാണ് പക്ഷിപ്പനി സ്ഥിരീകരിച്ചത്. |
| (ബി) | പ്രസ്തുത രോഗബാധ നിയന്ത്രിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ബി) | പക്ഷിപ്പനി വ്യാപനം ഫലപ്രദമായി തടയുന്നതിന് കേന്ദ്രസർക്കാരിന്റെ പക്ഷിപ്പനി നിയന്ത്രണവുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശ പ്രകാരം, പ്രഭവ കേന്ദ്രത്തിൽ നിന്നും 1 കി.മീ. ചുറ്റളവിലുള്ള മുഴുവൻ പക്ഷികളെയും, മുട്ട, തീറ്റ എന്നിവയെയും ശാസ്ത്രീയമായി നശിപ്പിക്കുകയുണ്ടായി. 08/01/2021ന് പ്രസ്തുത നടപടികൾ പൂർത്തിയാക്കി അണുനശീകരണം നടത്തിയിട്ടുമുണ്ട്. ഇതു കൂടാതെ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും കൺട്രോൾ റൂം തുറക്കുകയും രോഗനിരീക്ഷണവും, പ്രതിരോധ പ്രവർത്തനങ്ങളും ഫലപ്രദമായി നടത്തുകയും ചെയ്തിട്ടുണ്ട്. പക്ഷിപ്പനിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ സംസ്ഥാന തലത്തിലും ജില്ലാതലത്തിലും മൃഗസംരക്ഷണ വകുപ്പ് ആരോഗ്യ വകുപ്പുമായി ചേർന്നാണ് ഈ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത്. പക്ഷിപ്പനിയുമായി ബന്ധപ്പെട്ട രോഗപ്രതിരോധ പ്രവർത്തനങ്ങളും മുൻകരുതലകളും സംബന്ധിച്ച ബോധവത്കരണ പ്രചരണ പരിപാടികൾ മൃഗസംരക്ഷണ വകുപ്പ് പബ്ലിക് റിലേഷൻസ് വകുപ്പുമായി ചേർന്ന് നടത്തുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട ബോധവത്കരണം വിപുലമായ രീതിയിൽ ഈ കാലയളവിൽ അച്ചടി-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെ സംസ്ഥാനത്തുടനീളം നടക്കുകയുണ്ടായി. |
| (സി) | രോഗബാധ മനുഷ്യരിലേക്കും മറ്റ് മൃഗങ്ങളിലേക്കും വ്യാപിക്കുവാൻ സാധ്യതയുണ്ടോ; എങ്കിൽ | (സി) | പക്ഷിപ്പനി ഒരു വൈറസ് രോഗമാണ് ഇൻഫ്ലുവൻസ ടൈപ്പ് എ എന്ന ഒരു വൈറസാണ് ഈ രോഗം |

| | | | |
|---|---|---|---|
| | എന്തെല്ലാം പ്രതിരോധ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ? | | പരത്തുന്നത്. ഈ വൈറസിന് പല വകഭേദങ്ങളുണ്ട്. വകഭേദങ്ങളുടെ വ്യത്യാസം അനുസരിച്ച് ഇവ മാരകമാവുകയോ മനുഷ്യരിലേക്ക് പകരുകയോ ചെയ്യാം. ഇപ്പോൾ സ്ഥിരീകരിച്ചത് H5N8 വൈറസാണ്. ഇവ മനുഷ്യരിലേക്ക് ഇതുവരെ പടർന്നിട്ടില്ല. പാകം ചെയ്ത മുട്ട, കോഴിയിറച്ചി എന്നിവയിലൂടെ ഈ രോഗം പകരുന്നില്ല. പക്ഷിപ്പനി രോഗബാധയുമായി ബന്ധപ്പെട്ട് മാംസവും മുട്ടയും കൈകാര്യം ചെയ്യുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകൾ സംബന്ധിച്ച് വകുപ്പ് മാധ്യമങ്ങൾ വഴി പൊതുജനങ്ങൾക്ക് ആവശ്യമായ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. രോഗപ്രതിരോധ നടപടികളുടെ ഭാഗമായി പക്ഷിപ്പനിയുണ്ടായ പ്രഭവ കേന്ദ്രത്തിനു 1 കി.മീ. ചുറ്റളവിലുള്ള മുഴുവൻ പക്ഷികളെയും, തീറ്റ, മുട്ട എന്നിവയെയും നശിപ്പിച്ചിട്ടുണ്ട്. ഇതിനുപുറത്ത് 9 കി.മീ. ചുറ്റളവിൽ രോഗനിരീക്ഷണം മൃഗസംരക്ഷണ വകുപ്പും ആരോഗ്യവകുപ്പും നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ